ഭരണഭാഷ മാതൃഭാഷ

# മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ

MALAPPURAM DISTRICT SPORTS COUNCIL

സിവിൽ സ്റ്റേഷൻ, മലപ്പുറം-676 505, ഫോൺ: 0483 2734701,
ഇ-മെയിൽ: scmalappuram@gmail.com, വെബ്സൈറ്റ്: https://sportsmalappuram.com

പ്രസിദ്ധീകരണത്തിന്

## സ്പോർട്സ് കൗൺസിൽ
## സ്പോർട്സ് അക്കാദമി സോണൽ സെലക്ഷൻ 2024

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാദമികളിലേക്ക് സോണൽ സെലക്ഷനിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ www.sportscouncil.kerala.gov.in എന്ന വെബ്സൈറ്റിൽ നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. **മലപ്പുറം ജില്ലയിൽ നിന്നുള്ള കായിക താരങ്ങൾക്ക് 2024-25 അധ്യായനവർഷത്തേക്കുള്ള സോണൽ സെലക്ഷൻ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, ഈസ്റ്റ് ഹിൽ, കോഴിക്കോട് വെച്ച് 2024 ഏപ്രിൽ 18, 19 തീയതികളിൽ നടത്തുന്നതാണ്. അത്ലറ്റിക്സ്, ഫുട്ബോൾ, വോളീബോൾ, ബാസ്ക്കറ്റ്ബോൾ (ജില്ലാ തല സെലക്ഷൻ കിട്ടിയവർ)** ജൂഡോ, സ്വിമ്മിംഗ്, സൈക്കിളിംഗ്, ഫെൻസിംഗ്, ഹോക്കി, ആർച്ചറി എന്നീ കായിക ഇനങ്ങളിലാണ് കോഴിക്കോട് സോണൽ സെലക്ഷൻ നടത്തുന്നത്. **കനോയിംഗ് & കയാക്കിംഗ് , റോവിംഗ് കായിക ഇനങ്ങളിൽ 03-05 -2024 ന് ആലപ്പുഴയിൽ വെച്ച് സെലക്ഷൻ നടത്തുന്നതാണ്.** മറ്റു മത്സര ഇനങ്ങളിൽ സെലക്ഷൻ നടക്കുന്ന സോണുകളുടെ വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. **സ്കൂൾ, പ്ലസ് വൺ ക്ലാസ്സുകൾ, അണ്ടർ 14 ഗേൾസ് ഫുട്ബോൾ സെലക്ഷൻ 18-04-2024 നും, കോളേജ് ഒന്നാം വർഷ ഡിഗ്രി അക്കാഡമികളിലേക്ക് 19-04-2024 നും സെലക്ഷൻ നടക്കുന്നതാണ്.** വിശദ വിവരങ്ങൾക്ക് 9495243423, 0483 2734701 എന്നീ നമ്പറുകളിൽ ലഭ്യമാണ്.

**സെലക്ഷനിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ജനന സർട്ടിഫിക്കറ്റ്, ഏത് ക്ലാസിൽ** പഠിക്കുന്നുവെന്ന് തെളിയിക്കുന്നതിന് **ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നൽകിയ സർട്ടിഫിക്കറ്റ്,** ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, **അതാതു കായിക ഇനത്തിൽ മികവ്** തെളിയിക്കുന്ന **ഒറിജിനൽ സർട്ടിഫിക്കറ്റ്** പകർപ്പ് എന്നിവ സഹിതം **ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, ഈസ്റ്റ് ഹിൽ, കോഴിക്കോട്** രാവിലെ എത്തിച്ചേരേണ്ടതാണ്.

മലപ്പുറം
05-04-2024

DISTRICT SPORTS COUNCIL MALAPPURAM - 676 505

സെക്രട്ടറി